File No.LSGD-IB2/148/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ - കാര്യശേഷി വികസനം [CAPABILITY DEVELOPMENT] എന്ന പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മൂന്നാം ഗഡുവായി 455.84 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1342/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/07/2021

---

പരാമർശം:- 1 23.09.20-ലെ സ.ഉ. (സാധാ) നം. 1724/2020/തസ്വഭവ

2 23.12.20-ലെ സ.ഉ. (സാധാ) നം.2400/2020/തസ്വഭവ

3 17.02.21-ലെ സ.ഉ. (സാധാ) നം.477/2021/തസ്വഭവ

4 കില ഡയറക്ടർ ജനറലിന്റെ 27.05.21-ലെ 2019/101/5351/HQ/Asst.F2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2020-21 സാമ്പത്തിക വർഷത്തിൽ കിലയുടെ വാർഷിക പദ്ധതി പ്രൊപ്പോസലിൽ കാര്യശേഷി വികസനത്തിനായി [CAPABILITY DEVELOPMENT] പരാമർശം (1) പ്രകാരം 2515-00-003-99 എന്ന ശീർഷകത്തിൽ 2456 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2), (3) പ്രകാരം യഥാക്രമം 819 ലക്ഷം രൂപയും 200 ലക്ഷം രൂപയും ഒന്നും രണ്ടും ഗഡുക്കളായി അനുവദിച്ചിരുന്നു.

(2) ഒന്നും, രണ്ടും ഗഡുക്കളായി അനുവദിച്ച തുക കിഴിച്ച് ബാക്കിയുള്ള 455.84 ലക്ഷം രൂപ മൂന്നാം ഗഡുവായി അനുവദിക്കണമെന്ന് കില ഡയറക്ടർ ജനറൽ പരാമർശം (4) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 2456 ലക്ഷം രൂപയിൽ 1474.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതിൽ, സർക്കാരിൽ നിന്നും രണ്ടു ഗഡുവായി ലഭിച്ച 1019 ലക്ഷം രൂപ (819 ലക്ഷം + 200 ലക്ഷം) കിഴിച്ച് ബാക്കിയുള്ള 455.84 ലക്ഷം രൂപ മൂന്നാം ഗഡുവായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കിലയ്ക്ക് 2515-00-003-99-36 (PV) എന്ന ശീർഷകത്തിൻ കീഴിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.06.2021-ലെ Dev-2/177/2020-Fin (ഇ-1610836) പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ